ഉത്തരം

(എ) കൊല്ലം ഫോറസ്റ്റ് സർക്കിളിലെ തൂയം, വീയപുരം എന്നീ ഗവൺമെന്റ് തടി ഡിപ്പോകളിലെ ജോലിഭാരം കണക്കിലെടുത്ത് അച്ചൻകോവിൽ റെയിഞ്ചിലെയും ആങ്ങാമൂഴി ഡിപ്പോയിലേയും ഡെപ്യൂട്ടി റെയിഞ്ചർമാരുടെ പോസ്റ്റുകൾ 'ടി' ഡിപ്പോകളിലേക്ക് മാറ്റിക്കൊണ്ട് ടി ഡെപ്യൂട്ടി റെയിഞ്ചർമാരെ പ്രസ്തുത ഡിപ്പോകളിൽ നിയമിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) തൽക്കാലം ഉദ്ദേശമില്ല.

53 (341) "പോത്തുപ്പാറ ഹരിജൻ കോളനിയിലെ വൈദ്യുതീകരണം"

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നിയിലെ പോത്തുപാറ ഹരിജൻ കോളനിയിലേക്ക് വൈദ്യുതി ലഭിക്കുന്നതിനായി ലൈൻ വലിക്കാൻ വൈദ്യുതി വകുപ്പ് വനം വകുപ്പിനോട് അനുമതി തേടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് എന്നാണ് വനം വകുപ്പിന് ലഭിച്ചതെന്നും ഇക്കാര്യത്തിൽ വനം വകുപ്പ് ആവശ്യമായ അനുമതി നൽകിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

(സി) മലയോരവാസികളായ ഹരിജനങ്ങളുടെ ബുദ്ധിമുട്ട് കണക്കിലെടുത്ത് പോത്തുപാറയിലേക്ക് വൈദ്യുതി ലൈൻ വലിക്കാൻ അനുമതി വൈദ്യുത വകുപ്പിന് ലഭിക്കാനാവശ്യമായ അടിയന്തിര നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ&ബി) ഉണ്ട്. പോത്തുപാറ ഹരിജൻ കോളനി വൈദ്യുതീകരിക്കുന്നതിന് അനുമതി തേടിക്കൊണ്ട് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ അപേക്ഷ 23.7.1997-ൽ വനം വകുപ്പിന് ലഭിച്ചിട്ടുണ്ട്. വനപ്രദേശത്തിലൂടെ വൈദ്യുതി ലൈൻ വലിക്കുന്നതിന് 1980 ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് 2-ാം വകുപ്പനുസരിച്ച് കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുവാദം ലഭിക്കുന്നതിന് ആവശ്യമായ പൂർണ്ണവിവരങ്ങൾ കെ.എസ്.ഇ.ബി.യുടെ അപേക്ഷയിൽ ഉള്ളടക്കം ചെയ്തിരുന്നില്ല. ആവശ്യമായ പൂർണ്ണ വിവരങ്ങൾ കെ.എസ്. ഇ.ബി.യിൽനിന്നും ഇപ്പോൾ ലഭിച്ചിട്ടുണ്ട്. ആയത് താമസംവിനാ കേന്ദ്രാനുമതിക്കായി സമർപ്പിക്കുന്നതാണ്.

(സി) അടിയന്തിര നടപടി കൈക്കൊണ്ടുവരുന്നു.

54 (342) വന്യമൃഗശല്യത്തിൽനിന്നും കർഷകരെ രക്ഷിക്കാൻ നടപടി

ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാടിലെ തിരുനെല്ലി, മാനന്തവാടി, തുടങ്ങിയ പഞ്ചായത്തുകളിലെ വനപ്രദേശത്തോട് ചേർന്ന് കിടക്കുന്ന കൃഷി ഭൂമിയിൽ വൻതോതിൽ വന്യമൃഗങ്ങൾ കൃഷിനാശം നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly